കുഞ്ഞുങ്ങളുടെ ജീവരക്ഷയ്ക്കായി
അവങ്കലേക്കു കൈ മലർത്തുക (വിലാപങ്ങൾ 2:19)

# ശാരോൻ ഫെലോഷിപ്പ് ചർച്ച് സൺഡേസ്കൂൾ അസോസിയേഷൻ

## സൺഡേസ്കൂൾ ദിനം | നവംബർ 5 ഞായർ

## പ്രാർഥനാ വിഷയങ്ങൾ

### 1 ഇന്ത്യയിലെ കുട്ടികൾക്കായി...

*ലോകത്തിലെ ആകെ കുട്ടികളിൽ 19% ജീവിക്കുന്നത് ഇന്ത്യയിലാണ്.*

- ഇവർക്ക് വിദ്യാഭ്യാസം, ജീവിതസൗകര്യങ്ങൾ തുടങ്ങിയവ ലഭിക്കുവാൻ... *(പ്രൈമറി വിദ്യാഭ്യാസം പോലും ലഭിക്കാത്ത ലക്ഷക്കണക്കിനു കുട്ടികൾ ഇന്ത്യയിലുണ്ട്. പട്ടിണി മൂലം കഷ്ടപ്പെടുന്ന കുട്ടികളും അനവധിയാണ്.)*
- ഇവരിൽ അനാഥർ, എയ്ഡ്സ്, ക്യാൻസർ തുടങ്ങിയ മാരകരോഗം ബാധിച്ചവർ, തെരുവുകുട്ടികൾ, കാണാതാവുന്ന കുട്ടികൾ തുടങ്ങിയവർക്കായി...
- ഈ കുട്ടികളെല്ലാം ചെറുപ്രായത്തിൽ രക്ഷയുടെ സത്യങ്ങൾ ഗ്രഹിക്കുവാനും ദൈവ പൈതങ്ങളായി തീരുവാനും.

### 2 പീഡിതർക്കായി...

കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ വർധിച്ചു വരുന്നു. ശാരീരികമായും മാനസികമായുമുള്ള വിവിധ പീഡനങ്ങളിൽ നിന്ന് കുരുന്നുകൾ സുരക്ഷിതരായിരിക്കാൻ...

### 3 അടിമത്തം അനുഭവിക്കുന്നവർക്കായി...

മദ്യം, മയക്കുമരുന്നുകൾ, അനാവശ്യബന്ധങ്ങൾ, ടി.വി, ഇന്റർനെറ്റ്, മൊബൈൽ ഫോൺ, ബ്ലൂവെയിൽ പോലുള്ള അപകടകരമായ വിനോദങ്ങൾ തുടങ്ങിയവയുടെ അടിമത്തത്തിൽ കുട്ടികൾ അകപ്പെടാതിരിക്കാനും അകപ്പെട്ടവർ മോചിതരാകാനും...

### 4 ശാരോൻ സൺഡേസ്കൂൾ പ്രവർത്തനങ്ങൾക്കായി

- ശാരോൻ ഫെലോഷിപ്പിലെ സൺഡേസ്കൂൾ വിദ്യാർഥികൾ, അധ്യാപകർ, ലോക്കൽ - സെക്ഷൻ- സെന്റർ - കേന്ദ്ര ഭാരവാഹികൾ, സഹകാരികൾ എന്നിവർക്കായി...
- സൺഡേസ്കൂൾ അസോസിയേഷൻ പുതുതായി തയ്യാറാക്കുന്ന പ്രീസ്കൂൾ-2, സീനിയർ ക്ലാസ്, അധ്യാപക സഹായി എന്നീ പുസ്തകങ്ങളുടെ പ്രസിദ്ധീകരണം, പ്രീമാരിറ്റൽ കൗൺസലിങ്ങ് കോഴ്സ്, വി.ബി.എസ്., നാഷണൽ ക്യാമ്പ്, ആത്മപ്രബോധിനി മാസിക, വിവിധ സെമിനാറുകൾ തുടങ്ങിയ പ്രവർത്തനങ്ങൾക്കായും അതിനു പിന്നിലെ സാമ്പത്തിക ആവശ്യങ്ങൾക്കായും..